**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3364** **25-10-2021 - ൽ മറുപടിയ്ക്ക്**

**റീസർവ്വേ പൂർത്തിയാക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വി. ആർ. സുനിൽകുമാർ** | | **Shri. K. Rajan**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ റീസർവ്വേ പൂർത്തിയാക്കുന്നതിനായി ഈ സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (എ) | സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ 909 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയായെങ്കിലും 87 വില്ലേജുകൾ ഒഴികെ പരമ്പരാഗത സർവ്വെ ഉപകരണങ്ങൾ ഉപയോഗിച്ച് സർവ്വെ ചെയ്തിട്ടുള്ളതും റിക്കാർഡുകൾ പേപ്പർ ഫോർമാറ്റിലുമാണ്. ടി മാപ്പുകളൊന്നും കാലഘട്ടത്തിനനുസൃതമായി ഡിജിറ്റൽ ഫോർമാറ്റിൽ മാറ്റുന്നതിനോ ഡിജിറ്റൽ സംവിധാനത്തിലൂടെയുള്ള സേവനം ജനങ്ങൾക്ക് നൽകുന്നതിനോ സാധിക്കാത്തതാണ്. സംസ്ഥാനത്തെ എല്ലാ വില്ലേജുകളുടെയും ഡിജിറ്റൽ സർവ്വെ മാപ്പുകൾ ആവശ്യമാണ്. ടി സാഹചര്യത്തിൽ ഡിജിറ്റലായി റീസർവ്വെ നടത്തിയ 87 വില്ലേജുകളും നിലവിൽ ഡിജിറ്റൽ സർവ്വെ നടപടികൾ നടന്നുവരുന്ന 29 വില്ലേജുകളും ഒഴികെ ബാക്കി 1550 വില്ലേജുകളും നൂതന സാങ്കേതിക വിദ്യയുടെ സഹായത്താൽ സർവ്വെ നടത്തി സമയബന്ധിതമായി തന്നെ ടി ജോലികൾ പൂർത്തിയാക്കുന്നതിനുള്ള കർമ്മ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. ആധുനിക സർവ്വെ സാങ്കേതിക വിദ്യയായ CORS (Continuously Operating Reference Stations) നെറ്റ് വർക്ക് സ്ഥാപിക്കുന്നതിനും RTK (Real Time Kinematic) ഉപകരണങ്ങളുടെ സഹായത്താൽ സർവ്വെ ജോലികൾ ത്വരിതപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നു. ടി സാങ്കേതിക വിദ്യയിൽ കൂടുതൽ പരിജ്ഞാനമുള്ള സർവ്വെ ഓഫ് ഇന്ത്യ മുഖേന ഇത് സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വകുപ്പിലെ ഉദ്യോഗസ്ഥരുടെയും കോൺട്രാക്റ്റ് സർവ്വെയർമാരുടെയും സേവനം വിനിയോഗിച്ച് സർവ്വെ ചെയ്യുന്നതിന് ലക്ഷ്യമിടുന്നതും അതിലേക്കായി ആദ്യ ഘട്ടത്തിൽ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് - ൽ നിന്ന് ഭരണാനുമതി നൽകിയ 339.438 കോടി രൂപ ഉൾപ്പടെ നാല് ഘട്ടങ്ങൾക്കായി |

| | | | |
|---|---|---|---|
| | | | ആകെ 807.98 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത സാങ്കേതിക വിദ്യയുടെ സഹായത്താൽ സർവ്വേ നടത്തി മാപ്പുകൾ ഡിജിറ്റലായി തയ്യാറാക്കുന്നതിനും ഭൂപരിപാലനത്തിന്റെ ഭാഗമായി മാപ്പുൾപ്പെടെയുള്ള സേവനം പൊതുജനങ്ങൾക്ക് ഓൺലൈനായി നൽകുന്നതിനും ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ